പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3596 — 25.06.2013-ൽ മറുപടിയ്ക്ക്

ഗ്രാമ പഞ്ചായത്തുകളിൽ കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകൾ അവരുടെ പരിധിയിൽ സ്ഥാപിക്കുന്ന സ്ട്രീറ്റ് ലൈറ്റുകൾ പലതും കത്തുന്നില്ലെങ്കിലും എല്ലാ മാസവും എണ്ണം കണക്കാക്കി കറൻറ് ചാർജ്ജ് അടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | നിലവിൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഈടാക്കുന്നത് രണ്ട് വിധത്തിലാണ്. മീറ്റർ ഘടിപ്പിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ റീഡിംഗ് അനുസരിച്ച് കറന്റ് ചാർജ്ജടയ്ക്കുകയും മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾ ഏത് വിഭാഗത്തിൽ പ്പെടുന്നു എന്നും അവ എത്രയെണ്ണം ഉണ്ടെന്നും എത്ര നേരം ആണ് തെളിയിക്കുന്നതെന്നും അനുസരിച്ച് നിശ്ചിത തുക അടയ്ക്കുകയും ആണ് ചെയ്യുന്നത്.<br><br>സംസ്ഥാനത്തെ ഭൂരിഭാഗം തെരുവ് വിളക്കുകളും മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ലാത്തവയാണ്. മീറ്ററുകൾ സ്ഥാപിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് അവ കേടായി കിടക്കുകയാണെ ങ്കിലും കറന്റ് ചാർജ്ജ് അടയ്ക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തെരുവ് വിളക്കുകളുടെ പരിപാലനവും അറ്റകുറ്റ പണികളും ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ്<br><br>എല്ലാ തെരുവ് വിളക്കുകളും മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറിയാൽ മാത്രമേ കേടായ വിളക്കുകൾക്കും ചാർജ്ജ് ഈടാക്കുന്നു എന്നുള്ള പരാതിക്ക് പരിഹാരം ഉണ്ടാവുകയുള്ളൂ.<br><br>എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, ആറു മാസത്തിനുള്ളിൽ ഈ പ്രവൃത്തി ഏറ്റെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിന് വേണ്ടി വരുന്ന ചെലവിന്റെ 50% കെ.എസ്.ഇ.ബി. വഹിക്കുമെന്ന് ബോർഡ് തീരുമാനിച്ചിരുന്നു. ഇതിന്റെ സമയപരിധി 31.03.2013ന് അവസാനിച്ചിരുന്നുവെങ്കിലും ഇത് ദീർഘിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലാണ്. |
| (ബി) | കത്തുന്ന ലൈറ്റുകൾക്ക് മാത്രം ചാർജ്ജ് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.